SA

ADFW/100/2023-SA2

I/130187/2023

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ: ബീന.പി.എസ് )**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട്/ക്ളർക്ക്/സീനിയർ ക്ലർക്ക്/ഹെഡ്ക്ലർക്ക്/ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം - കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1) 25/2/2017 ലെ സർക്കാർ ഉത്തരവ് . (പി) നം3/2017/ഉപഭവ
2) 21/2/2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം.147/2022/കൃഷി
3) 5/11/2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1075/19/കൃഷി
4) 7/8/2023 ലെ ഈ ഓഫീസിലെ സർക്കുലർ നം. എഡിഎഫ്ഡബ്ള്യൂ/100/2023-എസ് എ 2
5) 16/9/2023 ൽ കൂടിയ കമ്മിറ്റിയുടെ മിനിട്സ്.
6) 18/09/23 ലെ ഈ കാര്യാലയത്തിലെ ഇതേ നം. ഉത്തരവ്

**<u>ഉത്തരവ് നമ്പർ ADFW/100/2023-SA2 തീയതി . 21-09-2023</u>**

പരാമർശം 1, 2 സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ പൊതുസ്ഥലംമാറ്റം സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ വിവധ തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്പാർക്ക് മുഖേ‌ന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലംമാറ്റ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ അപേക്ഷ ഓൺലൈനായി സമർപ്പിച്ച ശേഷം ഓൺലൈൻ അപേക്ഷയുടെ ഹാർഡ്കോപ്പിയും ,ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും അതാത് ഡിഡിഒ മാർ മുഖാന്തിരം ഈ ഓഫീസിലേക്ക് 25/8/23 വരെ സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി ജനറൽ ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ ഉൾപ്പെടുന്ന പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റി 16/9/23 തീയതി 11.00 മണിക്ക് യോഗം ചേരുകയുണ്ടായി . പൊതുസ്ഥലംമാറ്റമാനദണ്ഡങ്ങൾ നിഷ്കർഷിച്ച കൊണ്ടുള്ള പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നാലാം ഖണ്ഡികയിൽ പ്രതിപാദിക്കുന്ന അനുകമ്പാർഹ സ്ഥലംമാറ്റത്തിന് പരിഗണിക്കേണ്ട അപേക്ഷകൾ കമ്മിറ്റി നിർദ്ദിഷ്ട രേഖകളുമായി ഒത്തു നോക്കി വിശദമായി പരിശോധിക്കുകയും അർഹതയുണ്ടെന്ന് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ട അപേക്ഷയിലെ ജീവനക്കാർക്ക് അനുകമ്പാർഹ പരിഗണന നൽകി സ്ഥലംമാറ്റം നൽകുന്നതിന് കമ്മിറ്റി തീരുമാനിക്കുകയും ,പരാമർശം (6) പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേലധികാരികളുടെ ശിപാർശയോടു കൂടി ഓൺലൈനായി ഈ കാര്യാലയത്തിൽ ലഭിച്ച ജൂനിയർ സൂപ്രണ്ട്/ക്ളർക്ക്/സീനിയർ ക്ലർക്ക്/ഹെഡ്ക്ലർക്ക്/ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ 2023

ADFW/100/2023-SA2

I/130187/2023

വർഷത്തെ പൊതുസ്ഥലംമാറ്റ അപേക്ഷകളും , അനുകമ്പാർഹ പരിഗണനക്ക് അർഹമാണെന്ന് കമ്മിറ്റി തീരുമാനിച്ച അപേക്ഷകളും സ്പാർക്ക് മുഖേന പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ് ചെയ്തു ലഭിച്ച മേൽ പരാമർശിച്ച തസ്തികകളിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in ൽ പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ /ഡിഡിഒ മാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ ആ വിവരവും /ഒഴിവില്ലാത്ത ഓഫീസുകളിൽ സ്ഥലംമാറ്റം നൽകിയിട്ടുണ്ടെങ്കിൽ ആ വിവരവും മറ്റ് അപാകതകളുണ്ടെങ്കിൽ ആയതും ഈ ഓഫീസിൽ **agrigeneraltransfer@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ **' പൊതുസ്ഥലംമാറ്റം 2023 കരട് ലിസ്റ്റിലെ അപാകത ' എന്ന വിഷയം രേഖപ്പെടുത്തി** 26/9/23 തീയതി വൈകുന്നേരം 5 മണിക്ക് മുൻപായി അറിയിക്കേണ്ടതാണ്.

കരട് ലിസ്റ്റിന്മേലുള്ള അപേക്ഷകരുടെ പരാതികൾ/ആക്ഷേപങ്ങൾ 26/9/23 തീയതി വരെ **agrigeneraltransfer@gmail.com** എന്ന ഇ-മെയിലിൽ മാത്രം **' പൊതുസ്ഥലംമാറ്റം 2023 കരട് ലിസ്റ്റിലെ അപാകത ' എന്ന വിഷയം രേഖപ്പെടുത്തി** സമർപ്പിക്കാവുന്നതാണ്. . ഈ തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ/ ആക്ഷേപങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

BEENA P S
SENIOR ADMINISTRATIVE OFFICER

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക് ( മേലധികാരി മുഖേന)

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

പകർപ്പ്

കൃഷി ഡെപ്യൂട്ടി ഡയറക്ടർ ( ഐ റ്റി സെൽ )

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്